# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്

## ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം

## (3)

ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചു കർത്താവു നമുക്കു കാണിച്ചുതരുന്നതായ കാര്യങ്ങൾക്ക് ഞങ്ങൾ അവന് നന്ദി പറയുന്നു. സ്വർഗമല്ല തന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്ന സ്ഥലം എന്നതുകൊണ്ട് ദൈവത്തിന് ഒരിക്കലും സ്വർഗത്തിൽ പൂർണ വിശ്രമം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ദൈവത്തിന്റെ പൂർണ വിശ്രമം മനുഷ്യനോടുകൂടെ ഭൂമിയിലാണ്. ദൂതന്മാർ എത്ര അത്ഭുതവാന്മാരും ഉൽകൃഷ്ടരുമാണെങ്കിലും, ദൈവത്തിന്റെ വിശ്രമം സ്വർഗത്തിലെ ദൂതന്മാരോടുകൂടെയല്ല, പിന്നെയോ ഭൂമിയിലെ മനുഷ്യനോടുകൂടെയാണ്. ഇതുകൊണ്ടാണ് കർത്താവായ യേശു നമ്മെ പ്രാർഥിക്കുവാൻ പഠിപ്പിച്ചത്, "നിന്റെ രാജ്യം വരണമേ. നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ" (മത്താ. 6:10). ഒടുവിൽ, ദൈവത്തിന്റെ പൂർണ വിശ്രമം, അവന്റെ പൂർണ ശബ്ബത്ത്, വീണ്ടെടുക്കപ്പെട്ട സകല ജനത്തിന്റെയും ഒരു ജീവനുള്ള സംയോജനത്തോടുകൂടെ ഭൂമിയിൽ ആയിരിക്കും.

### XII. ശബ്ബത്തിൻ വിശ്രമത്തിന്റെ പുരോഗമനാത്മകമായ വികാസം

ഉല്പത്തി 2 മുതൽ, ശബ്ബത്തിൻ വിശ്രമമെന്ന ഈ വിഷയം പുരോഗമനാത്മകമായി വികസിക്കുന്നു. ദൈവത്തിന്റെ ആദ്യത്തെ ശബ്ബത്ത്, തന്റെ സ്വരൂപത്തിൽ തന്നെ ആവിഷ്കരിക്കുന്നതിനും തന്റെ അധികാരത്തോടുകൂടെ തന്നെ പ്രതിനിധീകരിക്കുന്നതിനും ഭൂമിയിൽ ഒരു മനുഷ്യനെ നേടിക്കഴിഞ്ഞ ഉടനെയായിരുന്നുവെന്ന് ഉല്പത്തി 2-ൽ നാം കാണുന്നു. തന്റെ സ്വരൂപത്തിലും തന്റെ ആധിപത്യത്തോടുകൂടെയുമുള്ള ഒരു മനുഷ്യനെ ഭൂമിയിൽ സ്വായത്തമാക്കിയ ഉടനെ ദൈവം വിശ്രമിച്ചു. അതായിരുന്നു ഒന്നാമത്തെ ശബ്ബത്ത്. ദൈവത്തിന്റെ രണ്ടാമത്തെ ശബ്ബത്ത് യിസ്രായേൽമക്കളോടു കൂടെയായിരുന്നു. യിസ്രായേൽമക്കൾ

നല്ലദേശമായ കനാനെ നേടുകയും അവിടെ ദൈവത്തിന്റെ ഷെക്കീനാ തേജസ്സുകൊണ്ടു നിറഞ്ഞ ഒരു ആലയം പണിയുകയും ചെയ്തതിനുശേഷം, ഭൂമിയിൽ ദൈവത്തിന് തന്റെ രണ്ടാമത്തെ ശബ്ബത്ത് ഉണ്ടായിരുന്നു. ദൈവത്തിന്റെ തേജസ്സിനാൽ നിറഞ്ഞ നല്ലദേശത്തിലെ ആലയം സൂചിപ്പിക്കുന്നത് ദൈവത്തിന് വസിക്കുവാനും സ്വയം ആവിഷ്കരിക്കുവാനും തന്റെ ആധിപത്യം പ്രയോഗിക്കുവാനും കഴിയുന്ന തന്റെ വാസസ്ഥലമായിരിക്കുവാൻ, ദൈവം ഭൂമിയിൽ ഒരു ജനത്തെ സ്വായത്തമാക്കിയിരിക്കുന്നു എന്നാണ്. ഇതായിരുന്നു ഭൂമിയിൽ മനുഷ്യനോടുകൂടെയുള്ള ദൈവത്തിന്റെ രണ്ടാമത്തെ ശബ്ബത്ത്. അങ്ങനെ, പഴയനിയമത്തിൽ ദൈവത്തിന്റെ ശബ്ബത്തിനെ സംബന്ധിച്ച ശ്രദ്ധേയമായ രണ്ടു സംഭവങ്ങളുണ്ട്: ഒന്നാമത്തേത് ഉല്പത്തി 2-ലും രണ്ടാമത്തേത് 1 രാജാക്കന്മാർ 8-ലും.

കഴിഞ്ഞ ദൂതിൽ നാം കണ്ടതുപോലെ, കർത്താവായ യേശു വന്നപ്പോൾ അവനും ദൈവത്തിന്റെ ശബ്ബത്തായിരുന്നു. കർത്താവായ യേശുവിനെത്തുടർന്ന് ദൈവത്തിന് ശബ്ബത്തിൻ വിശ്രമമായി സഭയുണ്ട്. ക്രിസ്തു തലയും, സഭ ശരീരവും ആണ്. പ്രവൃത്തികൾ 2-ലെ പെന്തെക്കൊസ്തു ദിനത്തിലേക്കു നാം വരുമ്പോൾ, ദൈവത്തിന്റെ തേജസ്സ് ഒരിക്കൽക്കൂടി ആലയത്തെ നിറച്ചതായും, ദൈവം ഒരിക്കൽക്കൂടി തന്റെ വിശ്രമത്തിനായി ഭൂമിയിൽ മനുഷ്യനോടുകൂടെ ഒരു നിവാസം സ്വായത്തമാക്കിയതായും നാം കാണുന്നു. ഇത് മൂന്നാമത്തെ ശബ്ബത്താണെന്നു നമുക്കു പറയാം. ദൈവം ഭൂമിയിൽ ഒരു മനുഷ്യനെ നേടിയിരുന്നു. നോഹയോടും അബ്രാഹാമിനോടും കൂടെ, കർത്താവായ യേശുവിനോടുകൂടെ പോലും ദൈവത്തിന് ചിലതുണ്ടായിരുന്നെങ്കിലും, ഈ ദൂതിൽ നാം മൂന്നു മുഖ്യമായ ശബ്ബത്തുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം: ദൈവത്തിന്റെ സ്വരൂപത്തിലും ദൈവത്തിന്റെ ആധിപത്യത്തോടുകൂടെയുമുള്ള മനുഷ്യനെ സൃഷ്ടിച്ചതിനു ശേഷമുള്ള ഒന്നാമത്തെ ശബ്ബത്തും; ഭൂമിയിൽ ആലയം പണിയുകയും ദൈവതേജസ്സ് അതിനെ നിറയ്ക്കുകയും ചെയ്യപ്പോഴുള്ള രണ്ടാമത്തേതും; ദൈവത്തിന്റെ സ്വരൂപത്തിലുള്ള ജനത്തോടുകൂടെ പുതുമനുഷ്യനെന്ന നിലയിൽ സഭ പണിയപ്പെട്ടപ്പോഴുള്ള മൂന്നാമത്തേതും.

ആദ്യത്തെ രണ്ട് ശബ്ബത്തുകൾ, മനുഷ്യനെ സൃഷ്ടിച്ചതിനു ശേഷമുള്ള ശബ്ബത്തും, ആലയം പണിതതിനുശേഷമുള്ള ശബ്ബത്തും, രണ്ടും ചിത്രങ്ങളായിരുന്നു; അവയൊന്നും യഥാർത്ഥമായതല്ലായിരുന്നു. ഭൂമിയിൽ മനുഷ്യനോടുകൂടെ ദൈവം സ്വായത്തമാക്കിയ ആദ്യത്തെ യഥാർത്ഥ ശബ്ബത്ത് സഭയുടെ കെട്ടുപണിയായിരുന്നു. സഭ പ്രതിരൂപത്തിലുള്ള ശബ്ബത്തിൻ വിശ്രമമല്ല, യാഥാർത്ഥ്യത്തിലുള്ള ശബ്ബത്തിൻ വിശ്രമമാണ്. ആദാമിനോടു കൂടെയുള്ളതും

ആലയം പണിയുന്നതിനോടു കൂടെയുള്ളതുമായ ശബ്ബത്തുകൾ മുൻകുറികളായിരുന്നു, എന്നാൽ സഭയുടെ കെട്ടുപണി ഒരു മുൻകുറിയല്ല — അത് നിറവേറലാണ്.

ദൈവത്തിന്റെ മാർഗം പുരോഗമനാത്മകമായ മാർഗമാണ്. ഉല്പത്തി 1-ലെ അവന്റെ സൃഷ്ടിപ്പിൽ നമുക്കിതു കാണുവാൻ കഴിയും. എന്തുകൊണ്ടാണ് ദൈവം ഒറ്റ ദിവസം കൊണ്ട് സകലത്തെയും സൃഷ്ടിക്കാത്തത്? ഏതാനും ചില മിനിറ്റുകൾക്കുള്ളിൽ ദൈവത്തിന് എല്ലാം പൂർത്തിയാക്കുവാൻ കഴിയുമായിരുന്നു. ഒന്നാം ദിവസം ദൈവം വെളിച്ചത്തെ വിളിച്ചുവരുത്തുകയും, രണ്ടാം ദിവസം അവൻ വിതാനത്തെ സൃഷ്ടിക്കുകയും ചെയ്തു. നാം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, നാം വളരെ ക്ഷമയോടെ കാത്തിരിക്കാതെ ഒരുപക്ഷേ ദൈവത്തോട് ഇങ്ങനെ പറയുമായിരുന്നു, "ദൈവമേ, വെളിച്ചം ഇവിടെയുണ്ട്, എന്നാൽ ഞങ്ങൾക്കാവശ്യം വായുവാണ്." ചിലപ്പോൾ നാം ദൈവത്തെക്കാൾ വേഗതയുള്ളവരാണ്. ദൈവത്തിന്റെ വഴി പലപ്പോഴും നമ്മുടേതിനു വിപരീതമാണ്; അവൻ എപ്പോഴും കാര്യങ്ങൾ പുരോഗമനപരമായ രീതിയിൽ ചെയ്യുന്നു. ഒരു ദിവസം, ദൈവം ഒരു മനുഷ്യനായിത്തീരുകയും, മനുഷ്യരാശിയിലേക്ക് അവനെത്തന്നെ വിതയ്ക്കുകയും, ആ മനുഷ്യന്റെ മരണപുനരുത്ഥാനങ്ങൾക്കുശേഷം സഭ ഉളവാക്കപ്പെടുകയും ചെയ്തു. എന്നാൽ ദൈവം എല്ലാം ഒരിക്കലായി നിർവഹിച്ചില്ല. വിത്തായി ദൈവം അവനെത്തന്നെ നമ്മിലേക്കു വിതെച്ചുവെങ്കിലും വിളവെടുപ്പ് ഇതുവരെ വന്നിട്ടില്ല. ഇന്ന് നാം സ്വീകരിച്ചതും സ്വായത്തമാക്കിയതും നേടിയതുമെല്ലാം വിത്താണ്, വിളവെടുപ്പല്ല. ദൈവം ക്ഷമയുള്ളവനാണ്. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് വിത്ത് വിതെക്കപ്പെട്ടുവെങ്കിലും, ആ സമയത്ത് ദൈവം എല്ലാ വേലയും ഒരിക്കലായി നിർവഹിച്ചില്ല. ദൈവം അവനെത്തന്നെ മനുഷ്യരാശിയിലേക്കു വിതച്ചപ്പോൾ, പുതിയനിയമ യുഗമെന്ന അത്ഭുതകരമായ ഒരു യുഗം ആരംഭിച്ചു. കർത്താവായ യേശു വരുന്നതിനുമുമ്പ് ദൈവം അവനെത്തന്നെ മനുഷ്യവർഗത്തിലേക്കു വിതച്ചിട്ടില്ലായിരുന്നു. ആദാമും യിസ്രായേൽമക്കളും മുൻകുറികളായിരുന്നു. അവർ മുൻകുറികളായിരുന്നതുകൊണ്ട് ദൈവം ഒരിക്കലും ആദാമെന്ന മണ്ണിലേക്കോ യിസ്രായേൽമക്കളെന്ന മണ്ണിലേക്കോ അവനെത്തന്നെ വിതച്ചില്ല. ദൈവം അവനെത്തന്നെ വിതെച്ച യഥാർഥ മണ്ണ് സഭയിൽ മാത്രമാണമുള്ളത്.

ഒരു വിത്തിന്റെ വളർച്ചയുടെ സ്വാഭാവിക നിയമം പരിഗണിക്കുക. നിങ്ങൾ ഒരു വിത്ത് നിലത്തു വിതെച്ചാൽ, പിറ്റേന്നു രാവിലെ നിങ്ങൾ ഒരു വിളവെടുപ്പു പ്രതീക്ഷിക്കുന്നില്ല. ഒരു കൂൺ പോലും ഇത്ര വേഗത്തിൽ വളരുന്നില്ല. മികച്ച വിളവെടുപ്പിന് എപ്പോഴും ഏറ്റവും കൂടുതൽ സമയം എടുക്കുന്നു. സ്വാഭാവിക നിയമമനുസരിച്ച്,

ജീവൻ വളരുവാൻ സമയമെടുക്കുന്നു, ഏറ്റവും ഉയർന്ന ജീവൻ വളരുവാൻ ഏറ്റവും കൂടുതൽ സമയം ആവശ്യമാണ്. ഒരു നായ ഒരു വർഷത്തിനുള്ളിൽ പക്വതയിലേക്ക് വളർന്നേക്കാം, എന്നാൽ ഒരു മനുഷ്യൻ പക്വതയിലേക്കു വളരുവാൻ ഏറ്റവും കുറഞ്ഞത് പതിനെട്ടു വർഷമെങ്കിലും ആവശ്യമാണ്. ഒരു നായ വളരുന്നത്ര വേഗത്തിൽ തങ്ങളുടെ മക്കൾ വളരുവാൻ മാതാപിതാക്കൾ പ്രതീക്ഷിക്കുന്നില്ല. എന്നിരുന്നാലും, എല്ലാ പാസ്റ്റർമാരും പ്രസംഗകന്മാരും ശുശ്രൂഷകന്മാരും സ്വപ്നം കാണുകയും ചിന്തിക്കുകയും ചെയ്യുന്നത് ഒരു രാത്രികൊണ്ട് ക്രിസ്ത്യാനികളായ നമുക്കു വളരുവാൻ കഴിയുമെന്നാണ്. നമുക്കു വളരുവാൻ സമയം ആവശ്യമാണ്, പാകമാകുവാനും പക്വത പ്രാപിക്കുവാനും സമയം ആവശ്യമാണ്.

## XIII. വളരുന്ന ശബ്ബത്തും പക്വതയുടെ ശബ്ബത്തും

സഭയായിത്തീർന്ന മനുഷ്യരാശിയുടെ ഒരു ഭാഗത്തിലേക്കു ദൈവം അവനെത്തന്നെ വിതെച്ചിരിക്കുന്നു, അതിൽ കർത്താവായ യേശുവിനെ സ്വീകരിച്ച എല്ലാവരും ഉൾപ്പെടുന്നു. എന്നാൽ കർത്താവായ യേശുവിനെ സ്വീകരിച്ചതിനുശേഷം ഒരു പ്രശ്നമുണ്ട്: നമ്മിൽ വളരുവാൻ നാം കർത്താവിനെ എങ്ങനെയാണ് അനുവദിക്കുവാൻ പോകുന്നത്? മത്തായി 13-ലെ വിതെക്കുന്നവന്റെ ഉപമയിൽ നാലുതരം മണ്ണു നാം കാണുന്നു. എല്ലാത്തരം മണ്ണും ഒരേ വിത്തു സ്വീകരിച്ചുവെങ്കിലും ഓരോ സംഭവത്തിലും ഫലം, പരിണാമം വ്യത്യസ്തമായിരുന്നു. നിങ്ങൾ വീണ്ടുംജനിച്ചിട്ടുണ്ടോ? നിങ്ങൾ കർത്താവായ യേശുവിനെ സ്വീകരിച്ചിട്ടുണ്ടോ? എന്തായിരിക്കും ഫലം? ഈ കാര്യമാണ് ഇന്ന് നിരവധി ക്രിസ്ത്യാനികൾക്ക് നഷ്ടമായിരിക്കുന്നത്. അതെ, സഭാജീവിതം ദൈവത്തിന് ഒരു ശബ്ബത്തിൻ വിശ്രമമാണ്, എന്നാൽ അത് പക്വതയോടുകൂടിയ ഒരു ശബ്ബത്തല്ല. ഇതു നല്ലതാണെങ്കിലും, അതു മൊത്തത്തിൽ നല്ലതല്ല; ഇത് ഇപ്പോഴും അത്ര നല്ലതല്ല. വിത്തു പോകുന്നിടത്തോളം സഭാജീവിതം അത്യു തകരമാണെങ്കിലും നാം ഇതുവരെ വിളവെടുപ്പിൽ എത്തിച്ചേർന്നിട്ടില്ല. സഭാജീവിതത്തിൽ ഇന്ന് ദൈവത്തിന് ഒരു ശബ്ബത്തുണ്ട്, എന്നാൽ ഈ ശബ്ബത്ത് ഇതുവരെ പൂർണമോ തികഞ്ഞതോ പക്വതയുള്ളതോ ആയിട്ടില്ല. തന്മൂലം, കർത്താവായ യേശു മടങ്ങിവരുന്ന സമയത്ത് വിളവെടുപ്പിന്റെ യുഗം എന്ന ശബ്ബത്തിന്റെ മറ്റൊരു ഘട്ടം ഉണ്ടായിരിക്കും. കർത്താവായ യേശു രണ്ടാം പ്രാവശ്യം വരുമ്പോൾ, അത് വിളവെടുപ്പിന്റെ യുഗമായിരിക്കും. നിലം വളരുന്നത് കാണുവാൻ മനോഹരമാണ്, എന്നാൽ ഇത് വിളവെടുപ്പുപോലെ മനോഹരമായിരിക്കുകയില്ല. ദൈവം അവനെത്തന്നെ വിത്തായി നിലത്തിലേക്കു വിതെക്കുകയും നിലം ഇപ്പോൾ വളരുകയും ചെയ്യുന്നതുകൊണ്ട് സഭാജീവിതത്തിൽ

ദൈവത്തിന് ഒരു യഥാർഥ ശബ്ബത്ത് ഉണ്ടെന്നതിനു സംശയമില്ല. എങ്കിലും, നാം ഇപ്പോഴും വിളവെടുപ്പിലല്ലെന്ന് നാം ഓർക്കണം. വിളവെടുപ്പിന്റെ സമയം വരുമ്പോൾ നിങ്ങൾ പാകമായിരിക്കുമോ? നിങ്ങൾ കർഷകരോട് അന്വേഷിക്കുകയാണെങ്കിൽ, വിളവെടുപ്പിന്റെ സമയത്ത് ചില വിളകൾ പാകമായിരിക്കില്ലെന്ന് അവർ നിങ്ങളോടു പറയും. സഭാജീവിതത്തിലെ ഇന്നത്തെ ശബ്ബത്ത് ഒരു യഥാർഥ ശബ്ബത്താണെങ്കിലും അത് തികഞ്ഞതോ പക്വതയുള്ളതോ അല്ല. ആ ശബ്ബത്ത് അടുത്ത യുഗത്തിലായിരിക്കും. 1 കൊരിന്ത്യർ 3-ൽ നിലം വളരുന്നതും, വെളിപ്പാട് 14-ൽ വിളവ് കൊയ്യുന്നതും നാം കാണുന്നു.

നമുക്കെല്ലാവർക്കും വളരുന്ന ശബ്ബത്തിൽ ആയിരിക്കുവാൻ കഴിയുമെങ്കിലും, നാം വിളവെടുപ്പിന്റെ ശബ്ബത്തിലാണോ അല്ലയോ എന്നത് നമ്മുടെ പക്വതയെ ആശ്രയിച്ചിരിക്കുന്നു. ഇന്നത്തെ സാഹചര്യം നോക്കൂ: ദശലക്ഷക്കണക്കിനു ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്തുവിന്റെ സമ്പന്നത ആസ്വദിക്കുവാൻ ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ സഭാജീവിതത്തിലേക്ക് വന്നിട്ടുള്ളൂ. ഈ ശബ്ബത്ത് സകല ക്രിസ്ത്യാനികൾക്കും വേണ്ടിയുള്ളതാണെങ്കിലും എല്ലാവരും അതിലേക്ക് വന്നിട്ടില്ല. ഇക്കാരണത്താലാണ് എബ്രായലേഖനം എഴുതിയത്. സഭാജീവിതം ഇന്നത്തെ ശബ്ബത്തിൻ വിശ്രമമായതുകൊണ്ട് അതിനെ ഉപേക്ഷിക്കാതെ ഇതിലേക്ക് പ്രവേശിക്കുന്നതിന് പരിശ്രമിക്കുവാനും അധ്വാനിക്കുവാനും ശുഷ്കാന്തിയുള്ളവരാകുവാനും രക്ഷിക്കപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഇത് എഴുതിയത്. ഇന്നത്തെ ശബ്ബത്തിൻ വിശ്രമം ഏതെങ്കിലും മതത്തിലോ സംഘടനയിലോ സ്വതന്ത്ര കൂട്ടത്തിലോ കണ്ടെത്തുവാൻ കഴിയുകയില്ല. ഇന്നത്തെ വളരുന്ന ശബ്ബത്താണ് ക്രിസ്തുവിന്റെ സമ്പത്തോടുകൂടിയ യഥാർഥ സഭാജീവിതം, ഈ ശബ്ബത്തിലേക്കു പ്രവേശിക്കുവാൻ ശുഷ്കാന്തിയുള്ളവരായിരിക്കേണ്ടതിന് എല്ലാ യഥാർഥ ക്രിസ്ത്യാനികളും പ്രോത്സാഹിപ്പിക്കപ്പെടണം. അവർ ശുഷ്കാന്തിയുള്ളവരല്ലെങ്കിൽ, മിസ്രയീമിൽനിന്നു വന്ന യിസ്രായേൽ മക്കളിൽ ഭൂരിഭാഗത്തിനും സംഭവിച്ചതുപോലെ അവരുടെ ലക്ഷ്യം തെറ്റും. പുറപ്പാടിന്റെ സമയത്ത് മിസ്രയീമിൽനിന്നു വന്ന യിസ്രായേൽമക്കളിൽ ചുരുങ്ങിയത് 20 ദശലക്ഷം പേർ മരുഭൂമിയിൽവച്ചു മരിക്കുകയും, വളരെ കുറച്ചുപേർ മാത്രം വിശ്രമത്തിലേക്കു വരുകയും ചെയ്തു. അതൊരു മുൻകുറിയായിരുന്നു. ഇന്ന്, സഭായുഗത്തിൽ, ആ മുൻകുറിയുടെ നിറവേറൽ നമുക്കുണ്ട്. ദശലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവർ എവിടെയാണ്? ഒന്നുകിൽ അവർ ഇപ്പോഴും മിസ്രയീമിലാണ്, അല്ലെങ്കിൽ മരുഭൂമിയിൽ അലഞ്ഞുനടക്കുകയാണ്. എബ്രായലേഖനം എഴുതിയപ്പോൾ, എബ്രായ വിശ്വാസികൾ മരുഭൂമിയിൽ

അലഞ്ഞുതിരിയുകയും ഒടുവിൽ മരണത്തിൽ വീണുപോകുകയും ചെയ്യുന്ന മറ്റൊരു ജനമായിത്തീരുമെന്ന അപകടത്തിലായിരുന്നു. അതുകൊണ്ട്, ഇപ്പോഴത്തെ ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുന്നതിന് ശുഷ്കാന്തിയുള്ളവരാകേണ്ടതിന് അവരെ പ്രോത്സാഹിപ്പിക്കുവാനാണ് എബ്രായലേഖനം എഴുതിയത്. ഇത്തരത്തിലുള്ള പ്രോത്സാഹനം ഇന്ന് ക്രിസ്ത്യാനികൾക്ക് എത്രമാത്രം ആവശ്യമായിരിക്കുന്നു!

## XIV. ശരിയായ വളർച്ചയ്ക്കുള്ള ഒരു പ്രതിഫലം

നാം ഇന്ന് വളർന്നുവരുന്ന ശബ്ബത്തായ സഭാജീവിതത്തിലാണ്, എന്നാൽ പ്രശ്നം നാം എങ്ങനെ വളർന്നുകൊണ്ടിരിക്കുന്നു എന്നതാണ്. നാം ശരിയായും പര്യാപ്തമാംവണ്ണവും വളരുന്നുണ്ടോ? കർത്താവിന്റെ കൃപയുമായി നിരന്തരം സഹകരിക്കുന്ന രീതിയിലാണോ നാം വളരുന്നത്? വളർന്നുകൊണ്ടിരിക്കുന്ന ഈ ശബ്ബത്തിൽ നാം എങ്ങനെ വളരുന്നു എന്നത് അടുത്ത ശബ്ബത്തിൽ നാം പങ്കുചേരുമോ ഇല്ലയോ എന്ന് നിർണയിക്കുന്നു. പ്രായോഗികമായി പറഞ്ഞാൽ, ഇപ്പോഴത്തെ ഈ ശബ്ബത്തിലെ നമ്മുടെ ശരിയായ വളർച്ചയ്ക്കുള്ള സമ്മാനമായിരിക്കും അടുത്ത യുഗത്തിലെ ശബ്ബത്ത്. പക്വതയുടെ ശബ്ബത്തെന്ന അടുത്ത ശബ്ബത്ത്, ഇപ്പോഴത്തെ വളർന്നുകൊണ്ടിരിക്കുന്ന ശബ്ബത്തിൽ ശരിയായി വളച്ച പ്രാപിച്ചവർക്കുള്ള വാസ്തവവും പ്രായോഗികവുമായ ഒരു പ്രതിഫലമായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വളർന്നുകൊണ്ടിരിക്കുന്ന ഈ ശബ്ബത്തിൽ നിങ്ങൾ നന്നായി വളരുന്നില്ലെങ്കിൽ, പക്വതയുടെ ശബ്ബത്തെന്ന അടുത്ത ശബ്ബത്ത് നിങ്ങൾക്ക് നഷ്ടമാകും. ഇവിടെയുള്ള ചിന്ത വളരെ യുക്തിപരമാണ്; ഇത് ദൈവത്തിന്റെ ജ്ഞാനമാണ്. ഇപ്പോഴത്തെ ശബ്ബത്ത് ആസ്വദിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നതിന് വരാനിരിക്കുന്ന ശബ്ബത്തിനെ പ്രതിഫലമായി ഉപയോഗിക്കുവാൻ തക്കവണ്ണം ദൈവം ജ്ഞാനിയാണ്. ഇപ്പോഴത്തെ ശബ്ബത്ത് നാം നഷ്ടപ്പെടുത്തുന്നുവെങ്കിൽ, വരാനിരിക്കുന്ന ശബ്ബത്തിന്റെ നഷ്ടം നാം തീർച്ചയായും സഹിക്കും.

ഈ ഘട്ടത്തിൽ 1 കൊരിന്ത്യർ 9:24-27-ലെ പൗലൊസിന്റെ വാക്കുകൾ നാം പരിഗണിക്കേണ്ടതാവശ്യമാണ്. വാക്യം 24 പറയുന്നു, "ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ." ഇവിടെ പ്രാപിക്കുക എന്ന വാക്ക് രക്ഷ പ്രാപിക്കുന്നതിനെയല്ല സൂചിപ്പിക്കുന്നത്, കാരണം നാം രക്ഷ പ്രാപിച്ചുകഴിഞ്ഞു. പ്രാപിക്കുക എന്ന വാക്ക് സമ്മാനം നേടുന്നതിനെ പരാമർശിക്കുന്നു. "മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു. അവർക്ക്

നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ" (വാ. 25). ഈ വാക്യത്തിലെ കിരീടം ഓട്ടം പൂർത്തിയാക്കുന്നതിനുള്ള പ്രതിഫലം, ഒരു സമ്മാനം ആണ്. 26-ഉം 27-ഉം വാക്യങ്ങൾ തുടർന്നു പറയുന്നു: "അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്; എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേല്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു." വാക്യം 27-ൽ പ്രസ്താവിച്ചിരിക്കുന്ന നിരാകരിക്കപ്പെട്ടവൻ എന്നത് രക്ഷയിൽനിന്ന് നിരാകരിക്കപ്പെട്ടവൻ എന്നല്ല, സമ്മാനത്തിൽനിന്ന് നിരാകരിക്കപ്പെട്ടവൻ എന്നത്രേ പരാമർശിക്കുന്നത്. 1 കൊരിന്ത്യർ 10:1 ഉടനെതന്നെ അധ്യായം ഒമ്പതിന്റെ ചിന്തയെ തുടരുന്നു (മൂല യവനഭാഷയിൽ അധ്യായമായും വാക്യമായും വേർതിരിച്ചിട്ടില്ല.) ഈ അധ്യായത്തിലെ വാക്യം 5 പറയുന്നു: "എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു." ഈ വാക്യം ആരംഭിക്കുന്നത് "എന്നാൽ" എന്ന വളരെ പ്രധാനപ്പെട്ട ഒരു പദത്തോടുകൂടിയാണ്. ഒരർഥത്തിൽ, യിസ്രായേൽമക്കളെല്ലാം ഓട്ടത്തിലായിരുന്നു. അവർ മിസ്രയീമിൽനിന്നു പുറത്തുവരികയും ചെങ്കടൽ കടക്കുകയും ചെയ്തപ്പോൾ അവർ ഓട്ടം ഓടുകയായിരുന്നു, എന്നാൽ അവരിൽ പലരും വീണുപോയി. പൗലൊസ് ഇവിടെ വർണ്ണിച്ചിരിക്കുന്ന ചിത്രത്തിൽ, അവൻ ഒരു ഓട്ടം ഓടുകയായിരുന്നുവെന്നും, താൻതന്നെ നിരാകരിക്കപ്പെട്ടവനായി സമ്മാനം നഷ്ടപ്പെടുത്തുമെന്നു ഭയന്നിരുന്നുവെന്നും നാം കാണുന്നു. ഇതെന്താണ് അർഥമാക്കുന്നത്? ലളിതമായി പറഞ്ഞാൽ, സഹസ്രാബ്ദത്തിൽ വരാനിരിക്കുന്ന ശബ്ബത്തിനെ നഷ്ടപ്പെടുത്തുന്നതിനെയാണ് ഇത് അർഥമാക്കുന്നത്.

ഇന്ന് നാം ഓട്ടം ശരിയായി ഓടാനുള്ള ഒരു പ്രോത്സാഹനമായി നമ്മുടെ ജ്ഞാനിയായ പിതാവ് സഹസ്രാബ്ദത്തിൽ വരാനിരിക്കുന്ന ശബ്ബത്തിനെ ഉപയോഗിക്കുന്നു. നിങ്ങൾ എങ്ങനെയാണ് ഓട്ടം ഓടുന്നത്? അലസമായി ഓടരുത്. നിങ്ങൾ അലസമായി ഓടുന്നുവെങ്കിൽ, നിങ്ങൾ ഒരുപക്ഷേ വളരെ നന്നായി പക്വത പ്രാപിക്കുകയില്ല. ഒരുപക്ഷേ നിങ്ങൾ ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന ശബ്ബത്തെന്ന ഇന്നത്തെ ശബ്ബത്ത് ആസ്വദിച്ചുകൊണ്ട് സഭാജീവിതത്തിലായിരിക്കുന്നു, എന്നാൽ നിങ്ങൾ പക്വതയുടെ ശബ്ബത്തെന്ന അടുത്ത ശബ്ബത്തിൽ ഉണ്ടായിരിക്കുമോ? ഇക്കാര്യത്തിൽ നാമെല്ലാവരും ശ്രദ്ധാലുക്കളായിരിക്കണം. 1 കൊരിന്ത്യർ എഴുതുന്ന സമയത്ത് തന്റെ ശുശ്രൂഷയുടെ ആരംഭ നാളുകളിൽ പൗലൊസ് ഓട്ടം ഓടിക്കൊണ്ടിരുന്നപ്പോൾ അവന് സമ്മാനം ലഭിക്കുമെന്ന കാര്യത്തിൽ ഉറപ്പുണ്ടായിരുന്നില്ല.

പൗലൊസിന്റെ പിൽക്കാല ശുശ്രൂഷയുടെ സമയത്ത് എഴുതിയ
ഒരു പുസ്തകമായ ഫിലിപ്പിയർ 3:12-13 ലും സമാനമായ ഒരു ചിന്ത
നാം കാണുന്നു. ഫിലിപ്പിയർ 3:12 പറയുന്നു, "നേടിക്കഴിഞ്ഞു
എന്നോ തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ
ക്രിസ്റ്റുയേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ,
അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളൂ"
(യവനഭാഷ). ക്രിസ്റ്റു തന്നെ നേടിയത് ഒരു കാര്യത്തിനുവേ
ണ്ടിയാണെന്നും എന്നാൽ ക്രിസ്റ്റു തന്നെ എന്തിനുവേണ്ടി
നേടിയോ അതു താൻ ഇതുവരെ നേടിയില്ലെന്നും പൗലൊസ്
പറയുകയായിരുന്നു. നാം ക്രിസ്റ്റുവിനെ നേടുക എന്ന ഉദ്ദേ
ശ്യത്തിനുവേണ്ടി അവൻ നമ്മെ നേടുകയും, ഇപ്പോൾ നാം
അവനെ നേടുന്നതിനുള്ള വഴിയിൽ ആയിരിക്കുകയും ചെയ്യുന്നു.
പൂർണമായ ഒരു രീതിയിൽ നാം ക്രിസ്റ്റുവിനെ നേടിയിട്ടുണ്ടോ? ഇല്ല,
നാം ഇതുവരെ അവനെ പൂർണമായി നേടിയിട്ടില്ല. നാം അവനെ
പൂർണമായി നേടുന്നതിനായി അവൻ നമ്മെ നേടി. പൗലൊസ്
ഫിലിപ്പിയലേഖനം എഴുതിയ സമയത്തുപോലും ക്രിസ്റ്റുവിനെ
പൂർണമായി നേടാത്തതുകൊണ്ട് അവൻ ഓട്ടത്തിലായിരുന്നു.
വാക്യം 13-ലും 14-ലുമായി പൗലൊസ് തുടർന്നു പറയുന്നു,
"സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ
എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിമ്പിലുള്ളവയെ
മറന്നുകൊണ്ടും മുമ്പിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,
ദൈവം ക്രിസ്റ്റു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന
സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു" (യവനഭാഷ).
വാക്യം 14-ലെ "മേലേയ്ക്ക്" എന്ന വാക്കിന്റെ അർഥം മുകളിൽനിന്ന്,
അതായത് സ്വർഗീയം എന്നാണ്; അങ്ങനെ, ഇവിടെ മേലേയ്ക്കുള്ള
വിളി ക്രിസ്റ്റുയേശുവിലുള്ള ദൈവത്തിന്റെ സ്വർഗീയ വിളിക്കു
തുല്യമാണ്. ഈ വാക്യങ്ങളിൽ പൗലൊസ് അപ്പോഴും മുന്നോ
ട്ടായുകയായിരുന്നു എന്നു നാം കാണുന്നു. ഫിലിപ്പിയലേഖനം
എഴുതിയ സമയത്തുപോലും അവൻ സമ്മാനം നേടി എന്ന ഉറപ്പ്
അവനുണ്ടായിരുന്നില്ല.

എന്നാൽ, 2 തിമൊഥെയൊസ് 4:6-8-ൽ, തനിക്ക്
സമ്മാനം ഉണ്ടെന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു: "ഞാൻ
ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ
സമയം അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതി; ഓട്ടം
തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി
വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ
നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ
പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ." താൻ
രക്തസാക്ഷിത്വം വരിക്കുന്നതിനു തൊട്ടുമുമ്പ് പൗലൊസ് ഈ
വാക്കുകൾ എഴുതി. നമ്മുടെ ജീവിതാവസാനത്തിൽ ഇങ്ങനെ

ഒരു കാര്യം പറയുവാൻ നമുക്കു കഴിയുമോ? നല്ല പോർ പൊരുതുകയും ഓട്ടം തികയ്ക്കുകയും വിശ്വാസം കാക്കുകയും ചെയ്യുവെന്നും, നീതിയുടെ കിരീടം നമുക്കുവേണ്ടി വച്ചിരിക്കുന്നു എന്നും നമുക്കു പറയുവാൻ കഴിയുമോ? ഇവിടെ ഇത് കൃപയുടെ കിരീടത്തിന്റെ കാര്യമല്ല, നീതിയുടെ കിരീടത്തിന്റെ കാര്യമാണ്. നീതിയുള്ള ന്യായാധിപനായ കർത്താവ് തന്റെ നീതിയനുസരിച്ച് ആ ദിവസം നീതിയുടെ കിരീടം തരുമെന്ന് പൗലൊസിന് അറിയാമായിരുന്നു. ഇവിടെ പരാമർശിച്ചിരിക്കുന്ന ആ ദിവസം എന്താണ്? അത് പക്വതയുടെ ശബ്ബത്തെന്ന വരാനിരിക്കുന്ന യുഗത്തിലെ ശബ്ബത്താണ്. ഈ കിരീടം തനിക്കു മാത്രമല്ല, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്ന എല്ലാവർക്കും നൽകുമെന്ന് പൗലൊസ് പറഞ്ഞു.

എങ്ങനെയാണ് നമ്മൾ ഇപ്പോൾ വളരുന്നത്? എങ്ങനെയാണ് നാം ഓട്ടം ഓടുന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നമ്മുടെ ഭാവിയെ നിർണയിക്കും. സഹസ്രാബ്ദകാലത്തെ പക്വതയുടെ ശബ്ബത്തിൽ നിങ്ങൾ ഉണ്ടായിരിക്കുമോ? തങ്ങൾ രക്ഷിക്കപ്പെ ട്ടിരിക്കുന്നിടത്തോളം ആയിരമാണ്ടിലെ രാജ്യത്തിൽ അവർ പങ്കുകൊള്ളുമെന്ന തെറ്റായ ധാരണ നിരവധി ക്രിസ്ത്യാനികൾ പിടിച്ചിരിക്കുന്നു. അനേകം വർഷങ്ങളിൽ എന്നെ ഇതു പഠിപ്പിച്ചിട്ടു ണ്ടെങ്കിലും, ബൈബിളിനെക്കുറിച്ചുള്ള കൂടുതൽ പഠനത്തിൽനിന്നും ഈ ആശയം കൃത്യമല്ലെന്ന് ഞാൻ മനസ്സിലാക്കി. രക്ഷ വിശ്വാ സത്താലാണെങ്കിലും, ക്രിസ്തുവിനോടുകൂടെയുള്ള ആയിരമാണ്ടു വാഴ്ച രക്ഷയുടെ കാര്യമല്ല, മറിച്ച് ഓട്ടം ശരിയായി ഓടുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്ന സമ്മാനത്തിന്റെ കാര്യമാണ്. ഇവിടെ പിതാവിന്റെ ജ്ഞാനത്തെ കാണിച്ചുതന്നിരിക്കുന്നു.

സഭാജീവിതം ഇന്ന് ഒരു ശബ്ബത്തല്ലേ? അതെ, സഭാജീവിതം പക്വതയുടെ ശബ്ബത്തിലേക്കു നമ്മെ നയിക്കുന്ന വളർന്നുകൊ ണ്ടിരിക്കുന്ന ശബ്ബത്താകുന്നതിനാൽ കർത്താവിനെ സ്തുതിക്കാം. എന്നാൽ വരാനിരിക്കുന്ന പക്വതയുടെ ശബ്ബത്തിൽ നാം പങ്കെടുക്കുമോ ഇല്ലയോ എന്നത് ഇന്നു നാം എങ്ങനെ വളരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇതു വളരെ യുക്തിപരമാണ്. നമ്മുടെ പിതാവ് വളരെ ജ്ഞാനിയാണ്. ഒരു ഭൗമിക പിതാവു പോലും തന്റെ മക്കളോട് ഇങ്ങനെ പറഞ്ഞേക്കാം, "മക്കളേ, ഈ സെമസ്റ്ററിൽ നിങ്ങൾ സ്കൂളിൽ നന്നായി പഠിക്കുമെങ്കിൽ, അവസാന പരീക്ഷകളിൽ വിജയിക്കുമ്പോൾ, ഒരു വലിയ സമ്മാനമായിരിക്കും നിങ്ങളെ കാത്തിരിക്കുന്നത്. നിങ്ങളുടെ അവസാന പരീക്ഷകളിൽ നിങ്ങൾ വിജയിക്കുന്നില്ലെങ്കിൽ, നിങ്ങൾ കഷ്ടം അനുഭവിക്കും, ഒരു ദിവസത്തേക്ക് ഞാൻ നിങ്ങളെ ഒരു ഇരുട്ടു മുറിയിലിടും. ആ ഇരുട്ടു മുറിയിൽ നിങ്ങൾ ഇരിക്കുമ്പോൾ, അവസാന പരീക്ഷകളിൽ ജയിച്ച നിങ്ങളുടെ സഹോദരന്മാരും

സഹോദരിമാരും ഒരു പ്രത്യേക സമ്മാനവും ഒരു പൂർണ്ണ ദിവസത്തെ വിശ്രമവും ആസ്വദിക്കും." ഈ ശീലമുണ്ടായിരുന്ന ചില പിതാക്കന്മാരെ എനിക്കറിയാം. ഒരു പിതാവിന് അഞ്ചു മക്കളുണ്ടായിരിക്കാം: ഒരാൾക്ക് ഒരു മികച്ച സമ്മാനവും, മറ്റൊരാൾക്ക് ഒരു രണ്ടാംതരം സമ്മാനവും, മൂന്നാമത്തെയാൾക്ക് അവസാന പരീക്ഷ ജയിക്കുക മാത്രം ചെയ്യതുകൊണ്ട് ഏറ്റവും ചെറിയ സമ്മാനവും ലഭിക്കും, വികൃതികളായ രണ്ടുപേരെ, അവരുടെ പരീക്ഷ തോറ്റതിനാൽ, ഒരു ചെറിയ ഇരുട്ടു മുറിയിലേക്കു ഇടുകയും ചെയ്യുന്നു. അങ്ങനെയുള്ള ഒരു പിതാവ് നല്ലവനും ജ്ഞാനിയും നീതിമാനും സ്നേഹമുള്ളവനുമായ പിതാവല്ലേ? തീർച്ചയായും അതെ, കാരണം അവൻ തന്റെ എല്ലാ മക്കളെയും അവരുടെ പരമാവധി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നു. പുതിയനിയമത്തിൽ നമ്മുടെ സ്വർഗീയപിതാവിന്റെ കാര്യവും ഇതുപോലെയാണ്. സ്നേഹപിതാവായ നമ്മുടെ പിതാവ് തന്റെ മക്കൾ വളരുവാൻ അവരെ എങ്ങനെ പ്രോത്സാഹിപ്പിക്കണമെന്നറിയുന്ന ജ്ഞാനിയാണ്. ഇതുമായി ബന്ധപ്പെട്ട നിരവധി വാക്യങ്ങൾ പുതിയനിയമത്തിലുണ്ട്, തുടർന്നുള്ള ദൂതുകളിൽ നമുക്കവയെ നോക്കാം.

പൗലൊസ് ഒരു അപ്പൊസ്തലനായിരുന്നുവെങ്കിലും അവൻ അപ്പോഴും ഓട്ടം ഓടുകയായിരുന്നു. അവൻ വളരെ വിശ്വസ്തനും കർത്താവിനുവേണ്ടി വളരെ അത്ഭുതകരവും ഉൽകൃഷ്ടവുമായ ഒരു വേല ചെയ്യുകയായിരുന്നെങ്കിലും, താൻ നിരാകരിക്കപ്പെട്ടവനായേക്കാമെന്ന് അവൻ അപ്പോഴും ഭയപ്പെട്ടിരുന്നു. താൻ നഷ്ടപ്പെട്ടവനായിരിക്കുമെന്ന് പൗലൊസ് ഭയപ്പെട്ടതായി നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഇല്ല, നാം കണ്ടതുപോലെ, നിരാകരിക്കപ്പെട്ടവനായിരിക്കുകയെന്നാൽ നഷ്ടപ്പെട്ടവനാകുകയെന്നല്ല, പ്രത്യുത സമ്മാനം നഷ്ടമാകുകയെന്നാണ് അർഥമാക്കുന്നത്. ഫിലിപ്പിയർക്ക് എഴുതുന്ന സമയത്തുപോലും, താൻ സമ്മാനം നേടിയെന്ന് പൗലൊസിന് ഉറപ്പില്ലായിരുന്നു. താൻ രക്തസാക്ഷിത്വം വരിക്കുവാൻ പോകുമ്പോൾ തന്റെ ജീവിതാവസാനത്തിലായിരുന്നു അവന് ഇങ്ങനെ പ്രഖ്യാപിക്കുവാൻ കഴിഞ്ഞത്, "ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു." അപ്പോൾ മാത്രമാണ് ഇതു പറയുവാനുള്ള ഉറപ്പ് അവനുണ്ടായിരുന്നത്. ഈ വാക്യങ്ങൾക്ക് നാം സൂക്ഷ്മമായ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എങ്കിലും കുറച്ചു ക്രിസ്ത്യാനികൾ ആത്മീയ "മിഠായികളെ" മാത്രം കരുതിക്കൊണ്ട് അവയ്ക്ക് അധികം ശ്രദ്ധ നല്കുന്നു. നിങ്ങൾ അവയിലേക്ക് പ്രവേശിച്ച് പൂർണമായും പ്രകാശിതരാകും വരെ 1 കൊരിന്ത്യർ, ഫിലിപ്പിയർ, 2 തിമൊഥെയൊസ് എന്നിവയിലെ ഈ വാക്യങ്ങൾ വീണ്ടും വീണ്ടും വായിക്കുവാനും

പ്രാർഥിക്കുവാനും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഈ വാക്യങ്ങൾ അത്ര മധുരമുള്ളതായി കാണപ്പെടുന്നില്ലെങ്കിലും അവ തീർച്ചയായും പോഷണം നൽകുന്നതാണ്. അവ യഥാർഥ ആരോഗ്യഭക്ഷണമാണ്. ഒരു വശത്ത്, ഇന്ന് സഭാജീവിതത്തിൽ ക്രിസ്തുവിന്റെ സമ്പത്ത് ആസ്വദിച്ചുകൊണ്ട് നാം വളരുന്ന ശബ്ബത്തിലാകുന്നതിൽ നാമെല്ലാവരും ആവേശഭരിതരായിരിക്കണം. എന്നാൽ, മറുവശത്ത്, നാം എങ്ങനെ വളരുകയും ഓട്ടം ഓടുകയും പോരാടുകയും ചെയ്യുന്നുവെന്നു ശ്രദ്ധിക്കണം, കാരണം അതാണ് പക്വതയുടെ ശബ്ബത്തായ വരാനിരിക്കുന്ന ശബ്ബത്തിൽ നാം പങ്കുകൊള്ളുമോ ഇല്ലയോ എന്നു നിർണയിക്കുന്നത്. ഈ വിഷയത്തിൽ കർത്താവിന്റെ കൃപ നമ്മോടുകൂടെ ഇരിക്കട്ടെ!